**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4763** **02-07-2024 - ൽ മറുപടിയ്ക്ക്**

**മീനിന്റെ വില വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മത്സ്യലഭ്യത കുറഞ്ഞത് മൂലം മത്തി അടക്കമുള്ള മീനുകളുടെ വിലവർദ്ധനവ് മത്സ്യത്തൊഴിലാളി സമൂഹത്തെ എപ്രകാരമാണ് ബാധിച്ചതെന്ന് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിലവർദ്ധനവ് പ്രസ്തുത സമൂഹത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ എന്നറിയിക്കുമോ; | (എ) | മത്സ്യലഭ്യതയിലുള്ള കുറവ് മത്സ്യത്തൊഴിലാളി സമൂഹത്തെ പ്രതികൂലമായി ബാധിക്കുന്ന വിഷയമാണ്.<br><br>മത്സ്യോല്പാദനം 2021 - 22 ൽ 6.01 ലക്ഷം മെടിക് ടണ്ണും 2022-23 ൽ 6.90 ലക്ഷം മെടിക് ടണ്ണും ആയി വർദ്ധിച്ചു. 2023-24 വർഷത്തിൽ കടൽ മത്സ്യോല്പാദനം 5.81 ലക്ഷം മെടിക് ടൺ ആയി കുറഞ്ഞു എങ്കിലും ദേശീയതലത്തിൽ കടൽ മത്സ്യോല്പാദനത്തിൽ കേരളം രണ്ടാം സ്ഥാനത്താണ്. കാലാവസ്ഥ വ്യതിയാനവും അത്യുഷ്ണവും ആണ് മത്സ്യോല്പാദനത്തിലെ കുറവിന് കാരണമാകുന്നതെന്നാണ് കരുതുന്നത്. സംസ്ഥാനത്ത് മത്സ്യലഭ്യതയിൽ കഴിഞ്ഞ വർഷം നേരിയ കുറവുണ്ടായത് മൂലം മത്തി അടക്കമുള്ള മീനുകളുടെ വിലവർദ്ധനവ് പ്രസ്തുത സമൂഹത്തെ പ്രതികൂലമായി ബാധിച്ചു എന്ന് കരുതുന്നില്ല. ചില സമയങ്ങളിൽ ചില മീനുകളുടെ വില വർധന മത്സ്യത്തൊഴിലാളികളുടെ വരുമാന വർധനവിനും കാരണമാകാറുണ്ട്. |
| (ബി) | ഈ പ്രതിസന്ധി പരിഹരിക്കുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ബി) | മത്സ്യലഭ്യതയിലുള്ള കുറവ് മത്സ്യത്തൊഴിലാളി സമൂഹത്തെ പ്രതികൂലമായി ബാധിക്കുന്ന വിഷയമാണ്.<br><br>മത്സ്യോല്പാദനം 2021 - 22 ൽ 6.01 ലക്ഷം മെടിക് ടണ്ണും 2022-23 ൽ 6.90 ലക്ഷം മെടിക് ടണ്ണും ആയി വർദ്ധിച്ചു. 2023-24 വർഷത്തിൽ കടൽ മത്സ്യോല്പാദനം 5.81 ലക്ഷം മെടിക് ടൺ ആയി കുറഞ്ഞു എങ്കിലും ദേശീയതലത്തിൽ കടൽ മത്സ്യോല്പാദനത്തിൽ കേരളം രണ്ടാം സ്ഥാനത്താണ്. കാലാവസ്ഥ വ്യതിയാനവും അത്യുഷ്ണവും ആണ് മത്സ്യോല്പാദനത്തിലെ കുറവിന് കാരണമാകുന്നതെന്നാണ് കരുതുന്നത്. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് മത്സ്യലഭ്യതയിൽ കഴിഞ്ഞ വർഷം നേരിയ കുറവുണ്ടായത് മൂലം മത്തി അടക്കമുള്ള മീനുകളുടെ വിലവർദ്ധനവ് പ്രസ്തുത സമൂഹത്തെ പ്രതികൂലമായി ബാധിച്ചു എന്ന് കരുതുന്നില്ല. ചില സമയങ്ങളിൽ ചില മീനുകളുടെ വില വർധന മത്സ്യത്തൊഴിലാളികളുടെ വരുമാന വർധനവിനും കാരണമാകാറുണ്ട്. |

സെക്ഷൻ ഓഫീസർ